# ജമാഅത്ത് നമസ്കാരം

[ Malayalam]

# صلاة الجماعة

[ باللغة مليالم ]


**സയ്യിദ് സഅ്ഫർ സ്വാദിഖ്**

**إعداد : سيد صعفر صادق**

എഡിറ്റർ: സുഫ്‌യാൻ അബ്ദുസ്സലാം

مراجعة : سفيان عبد السلام



**കോപറേറ്റീവ് ഓഫീസ് ഫോർ കാൾ & ഗൈഡൻസ്**

**റബ്‌വ – റിയാദ് – സൗദി അറേബ്യ**

**المكتب التعاوني للدعوة وتوعية الجاليات بالربوة بمدينة**

**الرياض-المملكة العربية السعودية**

islamhouse.com

1430 – 2009

بسم الله الرحمن الرحيم

ഇസ്ലാമിന്റെ അടിത്തറയായ തൗഹീദ് അംഗീകരിച്ച ഏതൊരു മനുഷ്യനും അഞ്ച് നേരത്തെ നമസ്കാരം നിർബ്ബന്ധമാണ്. വിശുദ്ധഖുർആൻ ഒരുപാട് സ്ഥലങ്ങളിൽ അത് നമുക്ക് വിശദീകരിച്ച് തരുന്നുണ്ട്. നമസ്കാരം അതിന്റെ നിബന്ധനകളും, വാജിബുകളും, സുനനുകളും എല്ലാം കൃത്യമായ രൂപത്തിൽ പൂർത്തിയാക്കി നിലനിർത്തുവാനാണ് ഖുർആൻ വിശ്വാസികളോട് ആഹ്വാനം ചെയ്യുന്നത്. ഇത് ആരാണോ ഉപേക്ഷിക്കുന്നത് അവന് ഇസ്ലാമിൽ സ്ഥാനമില്ലായെന്ന് തിരുനബി(ﷺ)യുടെ തിരുവചനങ്ങളിൽ കാണാവുന്ന ഒരു സത്യമാണ്.

( عَنْ عَبْدِ اللهِّ بْنِ بُرَيْدَةَ عَنْ أَبِيهِ قَالَ: قَالَ رَسُولُ اللهِّ صَلَّى اللهُّ عَلَيْهِ وَسَلَّمَ: إِنَّ الْعَهْدَ الَّذِي بَيْنَنَا وَبَيْنَهُمُ الصَّلاَةُ فَمَنْ تَرَكَهَا فَقَدْ كَفَرَ ) (الترمذي والنسائي )

അബ്ദുല്ലാബ്നു ബുറൈദ(رضي الله عنه) തന്റെ പിതാവിൽ നിന്ന് ഉദ്ധരിക്കുന്നു: പ്രവാചകൻ(ﷺ) പറയുന്നു: 'തീർച്ചയായും നമ്മുടെയും അവരുടെയും ഇടയിലുള്ള കരാർ (വ്യത്യാസം) നമസ്കാരമാണ്, അതാരാണ് ഉപേക്ഷിക്കുന്നത് അവൻ അവിശ്വസിച്ചിരിക്കുന്നു' (തിർമിദി, നസാഇ)

ബുദ്ധിയും, വിവേകവും പ്രായപൂർത്തിയുമായ ഓരോ മുസ്ലിമിനും അഞ്ച് നേരത്തെ നമ സ്കാരം നിർബ്ബന്ധമാണ്. എന്നാൽ പുരുഷന്മാർക്ക് അത് പള്ളിയിൽ വെച്ച് ജമാഅത്തായി നമസ്കരിക്കൽ നിർബ്ബന്ധമാണെന്നാണ് ഇസ്ലാമിന്റെ അടിസ്ഥാന പ്രമാണങ്ങളായ ഖുർആനും തിരുസുന്നത്തും നമ്മെ പഠിപ്പിക്കുന്നത്. പുരുഷന്മാർ അഞ്ച് നേരത്തെ നമസ്കാരം പള്ളിയിൽ വെച്ച് തന്നെ നിർവ്വഹിക്കേണ്ടതുണ്ടെന്ന് പഠിപ്പിക്കുന്ന ഏതാനും തെളിവുകൾ താഴെ കൊടുക്കുന്നു. സത്യം ഗ്രഹിക്കാനും, അത്

സ്വീകരിക്കാനും, അത് ജീവിതത്തിൽ പകർത്താനുമുള്ള സന്മനസ് അല്ലാഹു നമുക്ക് നൽകുമാറാവട്ടെ.

**യുദ്ധത്തിലൂള്ള നമസ്കാരം:**

ഇസ്ലാമിന്റെ ആണിക്കല്ലായ തൗഹീദിന്റെ വിജയത്തിന് വേണ്ടി ശത്രുക്കളോട് യുദ്ധം ചെയ്യുമ്പോൾ പോലും നിങ്ങൾ ജമാഅത്തായി നമസ്കരിക്കണമെന്നാണ് വിശുദ്ധ ഖുർആനിന്റെ കൽപന. ജമാഅത്ത് നിർബ്ബന്ധമല്ലായിരു ന്നെങ്കിൽ ഈ സമയത്തെങ്കിലും അത് ഒഴിവാക്കുവാനുള്ള ഇളവ് അല്ലാഹു നൽകുമായിരുന്നു. പക്ഷേ, വിശുദ്ധ ഖുർആൻ നിങ്ങൾ യുദ്ധക്കളത്തിലായാൽ എങ്ങിനെ നമ സ്കരിക്കണമെന്ന് വിശദമായി ജനങ്ങളെ പഠിപ്പിക്കുന്നത് നാം ശ്രദ്ധിക്കുക:

(وَإِذَا كُنتَ فِيهِمْ فَأَقَمْتَ لَهُمُ الصَّلاَةَ فَلْتَقُمْ طَآئِفَةٌ مِّنْهُم مَّعَكَ وَلْيَأْخُذُواْ أَسْلِحَتَهُمْ فَإِذَا سَجَدُواْ فَلْيَكُونُواْ مِن وَرَآئِكُمْ وَلْتَأْتِ طَآئِفَةٌ أُخْرَى لَمْ يُصَلُّواْ فَلْيُصَلُّواْ مَعَكَ وَلْيَأْخُذُواْ حِذْرَهُمْ وَأَسْلِحَتَهُمْ) (سورة النساء:102)

'(നബിയേ,) നീ അവരുടെ കൂട്ടത്തിലുണ്ടായിരിക്കുകയും, അവർക്ക് നേതൃത്വം നൽകിക്കൊണ്ട് നമസ്കാരം നിർവഹിക്കുകയുമാണെങ്കിൽ അവരിൽ ഒരു വിഭാഗം നിന്റെ കൂടെ നിൽക്കട്ടെ. അവർ അവരുടെ ആയുധങ്ങൾ എടുക്കുകയും ചെയ്യട്ടെ. അങ്ങനെ അവർ സുജൂദ് ചെയ്ത് കഴിഞ്ഞാൽ അവർ നിങ്ങളുടെ പിന്നിലേക്ക് മാറിനിൽ ക്കുകയും, നമസ്കരിച്ചിട്ടില്ലാത്ത മറ്റെ വിഭാഗം വന്ന് നിന്റെ കൂടെ നമസ്കരിക്കുകയും ചെയ്യട്ടെ. അവർ ജാഗ്രത കൈക്കൊള്ളുകയും, തങ്ങളുടെ ആയുധങ്ങൾ എടുക്കുക യും ചെയ്യേണ്ടതാണ്.' (നിസാഅ്:102)

യുദ്ധത്തിൽപോലും ജമാഅത്തായി നമസ്കരിക്കണ മെങ്കിൽ മറ്റുള്ള സമയങ്ങളിൽ അങ്ങനെ ചെയ്യണമെന്ന് പറയേണ്ടതില്ലല്ലോ. ചിലയാളുകൾ പറയാറുണ്ട് പള്ളിയിൽ കുറച്ചാളുകൾ ജമാഅത്തായി നമസ്കരിച്ചാൽ മതി, അത് ഫർള് കിഫായയാണെന്ന്. എന്നാൽ മുകളിൽ നാം മനസിലാക്കിയത് ഭയത്തിന്റെ അവസരത്തിൽപോലും എല്ലാ വരും ജമാഅത്തായി നമസ്കരിക്കണമെന്നാണ്. ഫർള് കിഫായ ആയിരുന്നെങ്കിൽ ഈ ആയത്തിൽ ഒരു വിഭാഗം

മാത്രം ജമാഅത്തായി നമസ്കരിക്കുകയെന്നാണ് പറയുക. എന്നാൽ ആയത്തിൽ പഠിപ്പിക്കുന്നത് ഒരു വിഭാഗം ജമാഅത്തായി നമസ്കരിച്ച് ഒരു റകഅത്ത് നിർവ്വഹിച്ചാൽ അവരോടൊപ്പം അവശേഷിക്കുന്നവർ കൂടി ജമാഅത്തായി നമസ്കരിക്കണമെന്നാണ്. ചുരുക്കി പറഞ്ഞാൽ ജമാഅത്ത് നമസ്കാരം ഫർള് അയ്ൻ (ഓരോ വ്യക്തികളും ചെയ്യേണ്ട കാര്യം) ആകുന്നു.

## നമസ്കരിക്കുന്നവരോടൊപ്പം നമസ്കരിക്കുക:

വിശുദ്ധഖുർആൻ വിശ്വാസികളോട് നമസ്കരിക്കുന്നവരോടൊപ്പം നമസ്കരിക്കുവാനായി കൽപിക്കുന്നത് നാം ശ്രദ്ധിക്കുക:

(وَأَقِيمُواْ الصَّلاَةَ وَآتُواْ الزَّكَاةَ وَارْكَعُواْ مَعَ الرَّاكِعِينَ) {البقرة:43}

'പ്രാർത്ഥന മുറപോലെ നിർവഹിക്കുകയും, സകാത്ത് നൽകുകയും, (അല്ലാഹുവിന്റെ മുമ്പിൽ) തലകുനി (നമസ്ക്കരി)ക്കുന്നവരോടൊപ്പം നിങ്ങൾ തലകുനി(നമസ്ക്കരി)ക്കുകയും ചെയ്യുവിൻ.' (അൽബഖറ:43)

## വിളിക്ക് ഉത്തരം നൽകുക:

അല്ലാഹുവിന്റെ ഭവനങ്ങളായ പള്ളികളിൽ നിന്ന് ഉയർന്ന് വരുന്ന വിളിക്ക് (ബാങ്ക്) ഉത്ത രം നൽകാത്തവരെ സംബന്ധിച്ച് ഖുർആൻ പറയുന്നത്, പരലോകത്ത് അല്ലാഹുവിന്റെ മുമ്പിൽ സുജൂദ് ചെയ്യുവാൻ അവർക്ക് സാധ്യമല്ല, അവർക്ക് ആഗ്രഹമുണ്ടാകും, പക്ഷേ, അവരുടെ മുതുക് വളയുകയില്ല.

(يَوْمَ يُكْشَفُ عَن سَاقٍ وَيُدْعَوْنَ إِلَى السُّجُودِ فَلاَ يَسْتَطِيعُونَ * خَاشِعَةً أَبْصَارُهُمْ تَرْهَقُهُمْ ذِلَّةٌ وَقَدْ كَانُوا يُدْعَوْنَ إِلَى السُّجُودِ وَهُمْ سَالِمُونَ) (سورة القلم:42-43)

'കണങ്കാൽ വെളിവാക്കപ്പെടുന്ന (ഭയങ്കരമായ) ഒരു ദിവസത്തെ നിങ്ങൾ ഓർക്കുക. സുജൂദ് ചെയ്യാൻ (അന്ന്) അവർ ക്ഷണിക്കപ്പെടും. അപ്പോൾ അവർക്കതിന് സാധിക്കുകയില്ല. അവരുടെ കണ്ണുകൾ കീഴ്പോട്ട് താഴ്ന്നിരിക്കും. നിന്ദ്യത അവരെ ആവരണം ചെയ്യും. അവർ സുരക്ഷിതരായിരുന്ന സമയത്ത് സുജൂദിനായി അവർ ക്ഷണിക്കപ്പെട്ടിരുന്നു' (ഖലം:42-43).

ആളുകളെ കാണിക്കുവാനും, ലോകമാന്യത്തിന് വേണ്ടിയും നമസ്കരിക്കുന്നവർക്കും അവരുടെ മുതുക് വളക്കുവാൻ സാധ്യമല്ല. തിരുമേനി(ﷺ) പറയുന്നു:

( عَنْ أَبِي سَعِيدٍ رَضِي اللهُ عَنْه قَالَ: سَمِعْتُ النَّبِيَّ صَلَّى اللهُ عَلَيْهِ وَسَلَّمَ يَقُولُ: يَكْشِفُ رَبُّنَا عَنْ سَاقِهِ فَيَسْجُدُ لَهُ كُلُّ مُؤْمِنٍ وَمُؤْمِنَةٍ فَيَبْقَى كُلُّ مَنْ كَانَ يَسْجُدُ فِي الدُّنْيَا رِيَاءً وَسُمْعَةً فَيَذْهَبُ لِيَسْجُدَ فَيَعُودُ ظَهْرُهُ طَبَقًا وَاحِدًا ) (بخاري)

അബൂസഈദ്(റ)വിൽ നിന്ന് നിവേദനം: പ്രവാചകൻ(ﷺ) പറയുന്നതായി കേട്ടു: ‘നമ്മുടെ രക്ഷിതാവ് കണങ്കാൽ വെളിവാക്കുന്ന സമയം അവന് വേണ്ടി മുഴുവൻ വിശ്വാസി വിശ്വാസിനികളും സുജൂദ് ചെയ്യുന്നതാണ്, ഇഹലോകത്ത് വെച്ച് ആളുകളെ കാണിക്കുവാനും, ലോകമാന്യത്തിനും വേണ്ടി സുജൂദ് ചെയ്തവർ അവശേഷിക്കും, അവർ സുജൂദ് ചെയ്യുവാൻ പോകും പക്ഷേ, അവരുടെ മുതുകുകൾ വളയാതെ നേരെ നിൽക്കുന്നതാണ്’ (ബുഖാരി)

**<u>പ്രവാചക(ﷺ)ന്റെ കൽപന:</u>**

പ്രവാചകൻ(ﷺ) തന്റെയടുത്ത് വന്ന് ഇസ്ലാം സ്വീകരിക്കുന്ന സമൂഹങ്ങളോട്, അവർ മടങ്ങിപോകുമ്പോൾ കൽപിക്കുന്നത് നിങ്ങൾ മടങ്ങിപോവുകയും, സത്യമതത്തിലേക്ക് ആളുകളെ ക്ഷണിക്കുകയും, നമസ്കാരം ഇമാമും ജമാഅത്തുമായി നിർവ്വഹിക്കുകയും ചെയ്യണമെന്നായിരുന്നു.

( عَنْ مَالِكِ بْنِ الحُوَيْرِثِ أَتَيْتُ النَّبِيَّ صَلَّى اللهُ عَلَيْهِ وَسَلَّمَ فِي نَفَرٍ مِنْ قَوْمِي فَأَقَمْنَا عِنْدَهُ عِشْرِينَ لَيْلَةً وَكَانَ رَحِيمًا رَفِيقًا فَلَمَّا رَأَى شَوْقَنَا إِلَى أَهَالِينَا قَالَ: ارْجِعُوا فَكُونُوا فِيهِمْ وَعَلِّمُوهُمْ وَصَلُّوا فَإِذَا حَضَرَتِ الصَّلاَةُ فَلْيُؤَذِّنْ لَكُمْ أَحَدُكُمْ وَلْيَؤُمَّكُمْ أَكْبَرُكُمْ ) (بخاري)

മാലിക്ബ്നു ഹുവൈരിഥിൽ(ﷺ) നിന്ന്, അദ്ദേഹം പറയുന്നു: ‘എന്റെ സമുദായത്തിൽ പെട്ട കുറച്ച്പേർ പ്രവാചകൻ (ﷺ)യുടെ അടുത്ത് വന്നു, അവിടെ ഞങ്ങൾ ഇരുപത് ദിവസം തങ്ങുകയും ചെയ്തു, പിന്നീട് നാട്ടിലേക്ക് മടങ്ങി

പോകുവാൻ ഉദ്ദേശിച്ചപ്പോൾ ഞങ്ങളോട് തിരുമേനി(ﷺ) കൽപിക്കുകയുണ്ടായി: 'നിങ്ങൾ മടങ്ങിപോവുക, നിങ്ങളുടെ സമൂഹത്തിൽ നിങ്ങൾ ജീവിക്കുകയും, അവരെ ഇസ്ലാം പഠിപ്പിക്കുകയും, നമസ്കരിക്കുകയും ചെയ്യുക, നമസ്കാര സമയമായാൽ നിങ്ങളിൽ ഒരുവൻ നിങ്ങൾക്ക് ബാങ്ക് വിളിച്ച് തരട്ടെ, നിങ്ങളിൽ വലിയവൻ നിങ്ങൾക്ക് ഇമാമായി നിൽക്കുകയും ചെയ്യട്ടെ' (ബുഖാരി).

ഇവിടെ കുറച്ചാളുകൾ ജമാഅത്തായി നമസ്കരിച്ചാൽ മതിയെന്നല്ല തിരുമേനി(ﷺ) പഠിപ്പിക്കുന്നത്. നേരെമറിച്ച് എല്ലാവരും ഇമാമും ജമാഅത്തുതാമയി നമസ്കരിക്കണെമെന്നാണ് കൽപിക്കുന്നത്. പ്രവാചക(ﷺ)ന്റെ കൽപന കുറിക്കുന്നത് നിർബ്ബന്ധത്തെയാണ്.

**ജമാഅത്തിന് വരാത്തവരുടെ വീടുകൾ...**

പള്ളിയിലേക്ക് ജമാഅത്തിന് വരാത്തവരുടെ വീടുകൾ ചുട്ട്കരിക്കുവാൻ തിരുമേനി(ﷺ) ഒരിക്കൽ ഉദ്ദേശിക്കുകയുണ്ടായി. ആ ഹദീസ് നാം ശ്രദ്ധിക്കുക:

(عَنْ أَبِي هُرَيْرَةَ أَنَّ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ فَقَدَ نَاسًا فِي بَعْضِ الصَّلَوَاتِ فَقَالَ لَقَدْ هَمَمْتُ أَنْ آمُرَ رَجُلاً يُصَلِّي بِالنَّاسِ ثُمَّ أُخَالِفَ إِلَى رِجَالٍ يَتَخَلَّفُونَ عَنْهَا فَآمُرَ بِهِمْ فَيُحَرِّقُوا عَلَيْهِمْ بِحُزَمِ الْحَطَبِ بُيُوتَهُمْ وَلَوْ عَلِمَ أَحَدُهُمْ أَنَّهُ يَجِدُ عَظْمًا سَمِينًا لَشَهِدَهَا يَعْنِي صَلاَةَ الْعِشَاءَ) (مسلم)

അബൂഹുറൈറ(رضي الله عنه)വിൽ നിന്ന് നിവേദനം: പ്രവാചകന്ന്(ﷺ) ചിലയാളുകളെ ചില നമസ്കാരത്തിന് നഷ്ടപ്പെടുക യുണ്ടായി, (അതായത് അവർ ജമാഅത്തിന് വരാതിരുന്നു) അപ്പോൾ തിരുമേനി(ﷺ) പറയുകയുണ്ടായി: 'ജനങ്ങൾക്ക് ഇമാമായി നിൽക്കുവാൻ ഒരാളെ ചുമതലപ്പെടുത്താനും, ജമാഅത്തിന് വരാത്തവരുടെ വീടുകൾ അവരോടൊപ്പം തന്നെ ചുട്ടെരിക്കുവാനായി കുറച്ച് വിറകുകെട്ടുകളുമായി എന്നോടൊപ്പം വരുവാൻ കുറച്ചാളുകളോട് കൽപിക്കുവാനും ഞാൻ വിചാരിക്കുകയുണ്ടായി, അവിടെ (പള്ളിയിൽ) ഭക്ഷിച്ച് ഒഴിവാക്കിയ ആടിന്റെ ഒരു എല്ലിൻ കഷ്ണം കിട്ടുമെന്ന്

നിങ്ങളിൽ ഒരാൾ മനസിലാക്കിയിരുന്നെങ്കിൽ അവൻ ജമാ അത്തിന് സന്നിഹിതനാകുമായിരുന്നു, അതായത് ഇശാഅ് നമസ്കാരത്തിന്' (മുസ്ലിം).

എത്ര ഗൗരവമായിട്ടാണ് പ്രവാചകൻ(ﷺ) ജമാഅത്ത് നമ സ്കാരത്തിന് വരാത്തവരെ സംബന്ധിച്ചുള്ള താക്കീതുക ളെക്കുറിച്ച് ജനങ്ങളെ ഉൽബോധിപ്പിക്കുന്നത്.

**ഇബ്നു ഉമ്മു മക്തൂം(رضي الله عنه):**

എന്ത് തന്നെ പ്രതികൂല ഘടകങ്ങളുണ്ടെങ്കിലും ജമാ അത്തിന് വരൽ നിർബ്ബന്ധമാണെന്നാണ് ഇബ്നു ഉമ്മുമക്തൂ മി(رضي الله عنه)ന്റെ സംഭവം നമ്മെ പഠിപ്പിക്കുന്നത്.

( عَنِ ابْنِ أُمِّ مَكْتُومٍ أَنَّهُ سَأَلَ النَّبِيَّ صَلَّى اللهُ عَلَيْهِ وَسَلَّمَ فَقَالَ: يَا رَسُولَ اللهِ إِنِّي رَجُلٌ ضَرِيرُ الْبَصَرِ شَاسِعُ الدَّارِ وَلِي قَائِدٌ لاَ يُلاَئِمُنِي فَهَلْ لِي رُخْصَةٌ أَنْ أُصَلِّيَ فِي بَيْتِي قَالَ: هَلْ تَسْمَعُ النِّدَاءَ قَالَ نَعَمْ، قَالَ لاَ أَجِدُ لَكَ رُخْصَةً ) (أبوداود) وفي رواية: (عَنِ ابْنِ أُمِّ مَكْتُومٍ قَالَ: يَا رَسُولَ اللهِ إِنَّ المَدِينَةَ كَثِيرَةُ الهَوَامِّ وَالسِّبَاعِ فَقَالَ النَّبِيُّ صَلَّى اللهُ عَلَيْهِ وَسَلَّمَ أَتَسْمَعُ حَيَّ عَلَى الصَّلاَةِ حَيَّ عَلَى الْفَلاَحِ فَحَيَّ هَلاً ) (أبوداود)

ഇബ്നു ഉമ്മുമക്തൂം(رضي الله عنه) ഒരിക്കൽ പ്രവാചകൻ(ﷺ)യോട് ഇങ്ങനെ പറയുകയുണ്ടായി: 'പ്രവാചകരേ, ഞാൻ അന്ധ നായ വ്യക്തിയാണ്, എന്റെ വീട് വിദൂരത്താണ്, എനിക്ക് വഴികാട്ടുവാനായി ഒരു വഴികാട്ടിയുമില്ല, ആയതിനാൽ എനിക്ക് എന്റെ വീട്ടിൽ വെച്ച് നമസ്കരിക്കുവാൻ വല്ല ഇളവുമുണ്ടോ? അപ്പോൾ റസൂലുല്ലാഹ്(ﷺ) പറയുകയു ണ്ടായി: നീ ബാങ്ക് കേൾക്കാറുണ്ടോ?, അദ്ദേഹം ഉത്തരം നൽകി: 'അതെ' തിരുമേനി(ﷺ) വീണ്ടും പറയുന്നു: 'ഞാൻ നിനക്ക് ഇളവ് കാണുന്നില്ല' (അബൂദാവൂദ്) മറ്റൊരു റിപ്പോർട്ടിൽ ഇങ്ങനെയാണ്: ഇബ്നു ഉമ്മുമക്തൂം(رضي الله عنه) റസൂലുല്ലായോട് ചോദിക്കുന്നു: 'പ്രവാചകരേ, മദീനയിൽ ധാരാളം ഉപദ്രവിക്കുന്ന ഇഴജന്തുക്കളുണ്ട്, അതുപോലെ ധാരളം വന്യമൃഗങ്ങളുണ്ട്. അപ്പോൾ തിരുമേനി(ﷺ) അദ്ദേ

ഹത്തോട് ചോദിക്കുകയുണ്ടായി: നമസ്കാരത്തിലേക്ക് വരു വീൻ, വിജയത്തിലേക്ക് വരുവീൻ' എന്നത് നീ കേൾക്കാ റുണ്ടോ? എങ്കിൽ നീ അതിലേക്ക് വരേണ്ടതുണ്ട്.' (അബൂദാവൂദ്).

ഇവിടെ നാം പ്രത്യേകിച്ച് മനസിലാക്കേണ്ട കാര്യം ഇബ്നു ഉമ്മുമക്തൂം(ﷺ) അന്ധനാണ്, അദ്ദേഹത്തിന് വഴി കാട്ടിയില്ല, വീട് വളരെ ദൂരെയാണ്, മാത്രവുമല്ല മദീനയിൽ ധാരാളം ഇഴജന്തുക്കളും, വന്യമൃഗങ്ങളുമാണ് അവ ആക്രമിക്കുമെന്ന് അദ്ദേഹം ഭയപ്പെടുകയും ചെയ്യുന്നു. ഇങ്ങനെ ഏകദേശം അഞ്ച് തടസ്സങ്ങൾ ഉണ്ടായിട്ട് പോലും തിരുമേനി(ﷺ) അദ്ദേഹത്തോട് കൽപിക്കുന്നത് നീ ബാങ്ക് കേൾക്കുന്നുവെങ്കിൽ അതിന് ഉത്തരം നൽകി പള്ളിയിലേക്ക് വരണമെന്നാണ്. നാം ചിന്തിക്കുക, അല്ലാഹുവിന്റെ അനു ഗ്രഹമായ രണ്ട് കണ്ണുകൾ നമുക്ക് അല്ലാഹു നൽകി, നടക്കേണ്ടതില്ല, അല്ലാഹുവിന്റെ അനുഗ്രഹമായ വാഹനം നമുക്കുണ്ട്, വന്യമൃഗങ്ങളുടേയോ, ഇഴജന്തുക്കളുടെയോ ഭയം നമുക്കില്ല. എന്നിട്ട്പോലും 'നമസ്കാരത്തിലേക്ക് വരുവീൻ, വിജയത്തിലേക്ക് വരുവീൻ' എന്ന ശ്രുതിമധുര മായ അല്ലാഹുവിന്റെ വിളിയാളം അല്ലാഹുവിന്റെ ഭവന ത്തിന്റെ മിനാരങ്ങളിൽ നിന്നും നമ്മുടെ കർണ്ണപുടങ്ങ ളിലേക്ക് എത്തിയിട്ടും എന്തിനാണ് നാമതിന് ഉത്തരം നൽകാൻ മടി. കാണിക്കുന്നു.? നാം യഥാർത്ഥ വിശ്വാസി കളാണോ, അത് അളക്കേണ്ടതും, തീരുമാനിക്കേണ്ടതും ഈ വരികൾ വായിക്കുന്ന ഓരോരുത്തരുമാണ്...!

**ബാങ്കിന് ഉത്തരം നൽകി പള്ളിയിൽ വരുക:**

ഒരാൾ നമസ്കാരത്തിനുള്ള ബാങ്ക് കേട്ടിട്ട് അതിന് ഉത്തരം നൽകി പള്ളിയിൽ ജമാഅത്തായി നമസ്ക്കരിക്കാ തിരിക്കുകയാണെങ്കിൽ അവന് നമസ്കാരമില്ലായെന്നാണ് താഴെ വരുന്ന ഹദീസ് നമ്മെ പഠിപ്പിക്കുന്നത്. ചില പണ്ഡിതന്മാർ വ്യാഖ്യാനിക്കുന്നത് അവൻ വീട്ടിൽ നിന്ന് നമസ്കരിച്ചാൽ അവന്റെ നമസ്കാരം സ്വീകരിക്കുകയില്ലാ യെന്നാണ്.

( عَنِ ابْنِ عَبَّاسٍ عَنِ النَّبِيِّ صَلَّى اللهُ عَلَيْهِ وَسَلَّمَ قَالَ: مَنْ سَمِعَ النِّدَاءَ فَلَمْ يَأْتِهِ فَلاَ صَلاَةَ لَهُ إِلاَّ مِنْ عُذْرٍ ) (إبن ماجه- حديث صحيح)

ഇബ്നു അബ്ബാസ്(ﷺ) പറയുന്നു: പ്രവാചകൻ(ﷺ) പറഞ്ഞു: 'ആരെങ്കിലും ബാങ്ക് കേട്ടാൽ അതിന്നായി (പള്ളിയിലേക്ക്) വരുന്നില്ലായെങ്കിൽ അവന് നമസ്ക്കാരമില്ല, കാരണം കൂടാതെ' (ഇബ്നുമാജ- സ്വഹീഹായ ഹദീസ്) അതായത് ബാങ്ക് കേട്ടിട്ട് അതിന് ഉത്തരം നൽകി പള്ളിയിൽ വരുന്നില്ലായെങ്കിൽ അവൻ വീട്ടിൽ വെച്ച് നമസ്ക്കരിച്ചാലും ശരി, അവന് നമസ്ക്കാരമില്ല. അവൻ പള്ളിയിൽ വന്ന് തന്നെ നമസ്ക്കരിക്കണം.

## കപട വിശ്വാസിയുടെ ലക്ഷണം:

ജമാഅത്ത് നമസ്കാരം ഉപേക്ഷിക്കുന്നത് കപട വിശ്വാസിയുടെ ലക്ഷണമായിട്ടാണ് ഹദീസുകൾ നമ്മെ പഠിപ്പിക്കുന്നത്:

( عَنْ أَبِي الْأَحْوَصِ قَالَ: قَالَ عَبْدُ اللهِ لَقَدْ رَأَيْتُنَا وَمَا يَتَخَلَّفُ عَنِ الصَّلاَةِ إِلاَّ مُنَافِقٌ قَدْ عُلِمَ نِفَاقُهُ أَوْ مَرِيضٌ إِنْ كَانَ الْمَرِيضُ لَيَمْشِي بَيْنَ رَجُلَيْنِ حَتَّى يَأْتِيَ الصَّلاَةَ وَقَالَ إِنَّ رَسُولَ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ عَلَّمَنَا سُنَنَ الْهُدَى وَإِنَّ مِنْ سُنَنِ الْهُدَى الصَّلاَةَ فِي الْمَسْجِدِ الَّذِي يُؤَذَّنُ فِيهِ ) (مسلم)

അബുൽ അഹ്വസ്വിൽ(ﷺ) നിന്ന് നിവേദനം: അബ്ദുല്ലാഹ് പറഞ്ഞു: 'രോഗികളോ, കാപട്യം അറിയപ്പെട്ട കപട വിശ്വാസികളോ അല്ലാതെ നമസ്കാരത്തെ തൊട്ട് ആരും പിന്തുന്നതായി ഞങ്ങൾ കാണാറില്ലായിരുന്നു, രോഗിയാണെങ്കിൽ രണ്ടാളുകൾക്കിടയിൽ നടന്നുകൊണ്ടെങ്കിലും നമസ്ക്കാരത്തിലേക്ക് വരാറുണ്ടായിരുന്നു.' അദ്ദേഹം തുടരുന്നു: 'തീർച്ചയായും പ്രവാചകൻ(ﷺ) ഞങ്ങൾക്ക് സന്മാർഗ്ഗ ചര്യ പഠിപ്പിച്ച് തന്നിരിക്കുന്നു, ആ സന്മാർഗ്ഗ ചര്യയിൽ പെട്ടതാണ് ബാങ്ക് കൊടുക്കുന്ന പള്ളിയിൽ വെച്ച് നമസ്കരിക്കുകയെന്നത്' (മുസ്ലിം).

ഒരു ഹദീസും കൂടി ശ്രദ്ധിക്കുക:

( عَنْ أَبِي الأَحْوَصِ عَنْ عَبْدِ اللهِ قَالَ: مَنْ سَرَّهُ أَنْ يَلْقَى اللهَ غَدًا مُسْلِمًا فَلْيُحَافِظْ عَلَى هَؤُلاَءِ الصَّلَوَاتِ حَيْثُ يُنَادَى بِهِنَّ فَإِنَّ اللهَ شَرَعَ لِنَبِيِّكُمْ صَلَّى اللهُ عَلَيْهِ وَسَلَّمَ سُنَنَ الْهُدَى وَإِنَّهُنَّ مِنْ سُنَنِ الْهُدَى وَلَوْ أَنَّكُمْ صَلَّيْتُمْ فِي بُيُوتِكُمْ كَمَا يُصَلِّي هَذَا الْمُتَخَلِّفُ فِي بَيْتِهِ لَتَرَكْتُمْ سُنَّةَ نَبِيِّكُمْ وَلَوْ تَرَكْتُمْ سُنَّةَ نَبِيِّكُمْ لَضَلَلْتُمْ وَمَا مِنْ رَجُلٍ يَتَطَهَّرُ فَيُحْسِنُ الطُّهُورَ ثُمَّ يَعْمِدُ إِلَى مَسْجِدٍ مِنْ هَذِهِ الْمَسَاجِدِ إِلاَّ كَتَبَ اللهُ لَهُ بِكُلِّ خَطْوَةٍ يَخْطُوهَا حَسَنَةً وَيَرْفَعُهُ بِهَا دَرَجَةً وَيَحُطُّ عَنْهُ بِهَا سَيِّئَةً وَلَقَدْ رَأَيْتُنَا وَمَا يَتَخَلَّفُ عَنْهَا إِلاَّ مُنَافِقٌ مَعْلُومُ النِّفَاقِ وَلَقَدْ كَانَ الرَّجُلُ يُؤْتَى بِهِ يُهَادَى بَيْنَ الرَّجُلَيْنِ حَتَّى يُقَامَ فِي الصَّفِّ ) (مسلم)

അബുൽ അഹ്വസിൽ(ﷺ) നിന്ന് നിവേദനം: ‘മുസ്ലിമായി നാളെ ആരെങ്കിലും അല്ലാഹുവിനെ കണ്ടു മുട്ടാൻ ആഗ്ര ഹിക്കുന്നുവെങ്കിൽ നമസ്കാരത്തിന് വേണ്ടി വിളിക്കുന്ന സ്ഥലത്ത്പോയി ഈ നമസ്ക്കാരങ്ങളെ അവൻ സംര ക്ഷി(നിർവ്വഹി)ക്കട്ടെ. കാരണം അല്ലാഹു നിങ്ങളുടെ പ്രവാചകന് സന്മാർഗ്ഗ ചര്യ നിയമമാക്കിയിരിക്കുന്നു, അത് (നമസ്കാരം അതിന്വേണ്ടി വിളിക്കുന്ന സ്ഥലങ്ങളിൽ നിർവ്വഹിക്കുകയെന്നത്) സന്മാർഗ്ഗ ചര്യയിൽ പെട്ടതാണ്. നമസ്ക്കാരത്തെ തൊട്ട് പിന്തുന്നവർ വീട്ടിൽനിന്ന് നമസ്ക്കരിക്കുന്നത് പോലെ നിങ്ങൾ നിങ്ങളുടെ വീട്ടിൽ വെച്ച് നമസ്കരിക്കുകയാണെങ്കിൽ നിങ്ങൾ നിങ്ങളുടെ പ്രവാചകന്റെ ചര്യ ഉപേക്ഷിച്ചിരിക്കുന്നു, നിങ്ങളുടെ പ്രവാചകന്റെ ചര്യ ഉപേക്ഷിച്ചാൽ നിങ്ങൾ വഴികേടിലാ വുന്നതാണ്. ആരെങ്കിലും നല്ല രൂപത്തിൽ വുദു വെടുത്ത് കൊണ്ട് ഇങ്ങനെയുള്ള പള്ളികളിലെ ഏതെങ്കിലും ഒരു പള്ളിയിലേക്ക് പോവുകയാണെങ്കിൽ ഓരോ കാലടിക്കും ഓരോ നന്മകൾ രേഖപ്പെടുത്തുകയും, ഓരോ പദവികൾ ഉയർത്തുകയും, ഓരോ പാപങ്ങൾ മായ്ച്ച് കളയുകയും ചെയ്യുന്നതാണ്. കാപട്യം അറിയപ്പെട്ട കപട വിശ്വാസിയ ല്ലാതെ ഓരാളും നമസ്ക്കാരത്തിൽ നിന്ന് പിന്തി നിൽക്കുന്നതായി ഞങ്ങൾ കാണാറില്ല, ചിലപ്പോൾ ഒരാൾ രണ്ടാളുകളുടെ ചുമലിൽ കൈ വെച്ച്കൊണ്ടെങ്കിലും വന്നു

കൊണ്ട് നമസ്കാരത്തിന്റെ അണിയിൽ നിൽക്കാറുണ്ടായിരുന്നത്മ (മുസ്ലിം)

ഇനി നാം ചിന്തിക്കുക പള്ളിയിലെ ജമാഅത്ത് ഒഴിവാക്കുവാൻ നമുക്ക് എന്ത് ന്യായീകരണമാണ് ഉള്ളത്? ഓരോ വിശ്വാസികളും ചിന്തിക്കേണ്ട കാര്യമാണിത്. ജമാഅത്തിൽ കുറച്ചാളുകൾ പങ്കെടുക്കുകയും മറ്റുള്ള ആളുകൾ വീട്ടിൽ നമസ്കരിക്കുകയും ചെയ്യുകയെന്നതിന് തെളിവ് ഇല്ലായെന്നർത്ഥം. ജമാഅത്ത് നമസ്കാരം ഓരോ മുസ്ലിമിനും നിർബ്ബന്ധമാണെന്നാണ് പ്രമാണങ്ങൾ നമ്മെ ബോധ്യപ്പെടുത്തുന്നത്, ഈ കാര്യം ബോധ്യം വന്നിട്ടുള്ള ഓരോ മുസ്ലിമും പള്ളിയിൽ ജമാഅത്തായിത്തന്നെ നമസ്ക്കരിക്കട്ടെ.

## ഇരുപത്തേഴ് ഇരട്ടി പ്രതിഫലം:

പള്ളിയിൽ പോയി ജമാഅത്തായി നമസ്ക്കരിക്കുന്നതിന് ഒറ്റക്ക് നമസ്കരിക്കുന്നതിനേക്കാൾ ഇരുപത്തേഴ് ഇരട്ടി പ്രതിഫലം ഉണ്ട്. തിരുവചനം നാം കാണുക:

( عَنْ عَبْدِاللهَّ بْنِ عُمَرَ أَنَّ رَسُولَ اللهَّ صَلَّى اللهَّ عَلَيْهِ وَسَلَّمَ قَالَ: صَلاَةُ الجْمَاعَةِ تَفْضُلُ صَلاَةَ الْفَذِّ بِسَبْعٍ وَعِشْرِينَ دَرَجَةً ) (بخاري)

അബ്ദുല്ലാഹ് ഇബ്നു ഉമർ(ﷺ)വിൽ നിന്ന്: പ്രവാചകൻ പറയുകയുണ്ടായി: ‘ജമാഅത്തായുള്ള നമസ് കാരം ഒറ്റക്കുള്ള നമസ്കാരത്തേക്കാൾ ഇരുപത്തേഴിരട്ടി പദവിയു (പ്രതിഫലമു)ള്ളതാണ്’ (ബുഖാരി)

## ജമാഅത്തിന് ആളുകൾ കൂടുന്നതിനനുസരിച്ച്...

പള്ളിയിൽ ജമാഅത്തിന് ആളുകൾ കൂടുന്നതിനനുസരിച്ച് പ്രതിഫലവും വർദ്ധിക്കും, അതു പോലെ അല്ലാഹുവിനത് കൂടുതൽ ഇഷ്ടവുമാണെന്ന് തിരുനബി(ﷺ)യുടെ തിരുവചനം നമ്മെ പഠിപ്പിക്കുന്നത് നോക്കൂ.

( عَنْ أُبَيِّ بْنِ كَعْبٍ قَالَ: صَلَّى بِنَا رَسُولُ اللهَّ صَلَّى اللهَّ عَلَيْهِ وَسَلَّمَ يَوْمًا الصُّبْحَ فَقَالَ: أَشَاهِدٌ فُلاَنٌ قَالُوا لاَ قَالَ أَشَاهِدٌ فُلاَنٌ قَالُوا لاَ قَالَ إِنَّ هَاتَيْنِ الصَّلاَتَيْنِ أَثْقَلُ الصَّلَوَاتِ عَلَى الْمُنَافِقِينَ وَلَوْ تَعْلَمُونَ مَا فِيهِمَا لأَتَيْتُمُوهُمَا وَلَوْ حَبْوًا عَلَى الرُّكَبِ وَإِنَّ الصَّفَّ

الأَوَّلَ عَلَى مِثْلِ صَفِّ المَلاَئِكَةِ وَلَوْ عَلِمْتُمْ مَا فَضِيلَتُهُ لَابْتَدَرْتُمُوهُ وَإِنَّ صَلاَةَ الرَّجُلِ مَعَ الرَّجُلِ أَزْكَى مِنْ صَلاَتِهِ وَحْدَهُ وَصَلاَتُهُ مَعَ الرَّجُلَيْنِ أَزْكَى مِنْ صَلاَتِهِ مَعَ الرَّجُلِ وَمَا كَثُرَ فَهُوَ أَحَبُّ إِلَى اللهِ تَعَالَى) (أبوداود)

ഉബയ്യ്ബ്ന കഅ്ബ്(ﷺ) പറയുന്നു: 'ഒരു ദിവസം പ്രവാചകൻ(ﷺ) ഞങ്ങളെയും കൊണ്ട് സുബഹി നമസ്ക്കരിക്കുകയുണ്ടായി, എന്നിട്ട് ഇന്ന വ്യക്തി നമസ്ക്കാരത്തിന് സന്നിഹ്ദനായിട്ടുണ്ടോ?, ഇന്ന വ്യക്തി നമസ്ക്കാരത്തിന് സന്നിഹിതനായിട്ടുണ്ടോ എന്ന് ചോദിക്കുകയുണ്ടായി. സ്വഹാബികൾ പറഞ്ഞു: 'ഇല്ല പ്രവാചകരെ,' അപ്പോൾ തിരുമേനി(ﷺ) പറയുകയുണ്ടായി: 'ഈ രണ്ട് നമസ്കാരങ്ങളാണ് കപട വിശ്വാസികൾക്ക് ഭാരം കൂടിയത്, എന്നാൽ അവക്കുള്ള പ്രതിഫലം അവർ അറിഞ്ഞിരുന്നുവെങ്കിൽ അവർ അവരുടെ മുട്ടുകളിൽ ഇഴഞ്ഞ് കൊണ്ടെങ്കിലും അതിലേക്ക് എത്തിച്ചേരുമായിരുന്നു, ഒന്നാമത്തെ സ്വഫ്ഫിനുള്ള പ്രത്യേകത മലക്കുകളുടെ സ്വഫ്ഫ് പോലെയാണ്, അവർ അതിന്റെ പ്രതിഫലം മനസിലാക്കിയിരുന്നെങ്കിൽ അത് കരസ്ഥമാക്കുവാൻ വേണ്ടി അവർ ധൃതിപ്പെട്ട് വരുമായിരുന്നു, ഒരാൾ മറ്റൊരാളുമായി ജമാഅത്തായി നമസ്ക്കരിക്കുന്നതാണ് അയാൾ ഒറ്റക്ക് നമസ്ക്കരിക്കുന്നതിനേക്കാൾ ഏറ്റവും നല്ലത്, ഒരാൾ രണ്ടാളുമായി ജമാഅത്തായി നമസ്ക്കരിക്കുന്നതാണ് രണ്ടാൾ ജമാഅത്തായി നമസ്ക്കരിക്കുന്നതിനേക്കാൾ ഏറ്റവും നല്ലത്, എത്രത്തോളം ആളുകൾ വർദ്ധിക്കുന്നുവോ അത്രക്കും അല്ലാഹുവിന് ഇഷ്ടമാണത്' (അബൂദാവൂദ്)

**പിശാചിൽ നിന്ന് സംരക്ഷണം:**

ഒരു പ്രദേശത്ത് മൂന്നാളോ അതിൽ കൂടുതലോ ഉണ്ടെങ്കിൽ അവർ അവിടെ ജമാഅത്തായി നമസ്കരിക്കേണ്ടതുണ്ട്. റസൂലുല്ലാഹ്(ﷺ) പറയുന്നു:

( عَنْ أَبِي الدَّرْدَاءِ قَالَ: سَمِعْتُ رَسُولَ اللهِّ صَلَّى اللهُّ عَلَيْهِ وَسَلَّمَ يَقُولُ: مَا مِنْ ثَلاَثَةٍ فِي قَرْيَةٍ وَلاَ بَدْوٍ لاَ تُقَامُ فِيهِمُ الصَّلاَةُ إِلاَّ قَدِ اسْتَحْوَذَ عَلَيْهِمُ الشَّيْطَانُ فَعَلَيْكَ بِالْجَمَاعَةِ فَإِنَّمَا يَأْكُلُ الذِّئْبُ الْقَاصِيَةَ ) (أبوداود)

അബൂദർദാഅ്(ﷺ)വിൽ നിന്ന് നിന്നും നിവേദനം: പ്രവാചകൻ(ﷺ) പറയുന്നതായി ഞാൻ കേട്ടു: ‘ഒരു നാട്ടിലോ ഗ്രാമത്തിലോ മൂന്നാളുകളോ, അതുപോലെ ഗ്രാമീണരോ ആയവർ ഉണ്ടെങ്കിൽ അവർക്കിടയിൽ നമസ്കാരം ജമാഅത്തായി നിലനിർത്തുന്നില്ലായെങ്കിൽ അവരെ പിശാച് അതിജയിക്കുന്നതാണ്, അതുകൊണ്ട് നീ ജമാഅത്ത് നമസ്കാരത്തെ സൂക്ഷിക്കുക, ഒറ്റപ്പെട്ട് നിൽക്കുന്നവനെയാണ് ചെന്നായ പിടിക്കുന്നത്’ (അബൂദാവൂദ്)

## കാപട്യം, നരകം എന്നിവയിൽ നിന്ന് മോചനം:

ആരെങ്കിലും നാൽപത് ദിവസം തക്ബീറത്തുൽ ഇഹ്റാം ലഭിക്കുന്ന രൂപത്തിൽ ജമാഅത്തായി നമസ്കരിച്ചാൽ അവന് കാപട്യത്തിൽ നിന്നും, നരകത്തിൽ നിന്നും സംരക്ഷണം ലഭിക്കുന്ന താണ്. തിരുവചനം ശ്രദ്ധിക്കുക:

( عَنْ أَنَسِ بْنِ مَالِكٍ قَالَ: قَالَ رَسُولُ اللهِّ صَلَّى اللهُّ عَلَيْهِ وَسَلَّمَ مَنْ صَلَّى للهِّ أَرْبَعِينَ يَوْمًا فِي جَمَاعَةٍ يُدْرِكُ التَّكْبِيرَةَ الأُولَى كُتِبَتْ لَهُ بَرَاءَتَانِ بَرَاءَةٌ مِنَ النَّارِ وَبَرَاءَةٌ مِنَ النِّفَاقِ )

(الترمذي- حسنه الألباني)

അനസ്ബ്നു മാലിക്(ﷺ)വിൽ നിന്ന് നിവേദനം: പ്രവാചകൻ(ﷺ) പറയുകയുണ്ടായി:‘ആരെങ്കിലും അല്ലാഹുവിന് വേണ്ടി തക്ബിറത്തുൽ ഇഹറാം ലഭിക്കുന്ന രൂപത്തിൽ നാൽപത് ദിവസം ജമാഅത്തായി നമസ്കരിക്കുകയാണെങ്കിൽ അവന് രണ്ട് സുരക്ഷിതത്വമുണ്ട്, നരകത്തിൽ നിന്നുള്ള സുരക്ഷിതത്വവും, കാപട്യത്തിൽനിന്നുള്ള സുരക്ഷിതത്വവും’ (തിർമിദി, അൽബാനി ഹസനാക്കിയ ഹദീസ്).

## അല്ലാഹുവിന്റെ സംരക്ഷണത്തിൽ:

ആരെങ്കിലും സുബഹി നമസ്കാരം നിർവ്വഹിക്കുക യാണെങ്കിൽ അവൻ അല്ലാഹുവിന്റെ സരംക്ഷണത്തിലാണ്. ഹദീസ് കാണുക:

عَنْ جُنْدَبُ بْنَ عَبْدِ اللهِ يَقُولُ قَالَ رَسُولُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ : مَنْ صَلَّى الصُّبْحَ فَهُوَ فِي ذِمَّةِ اللهِ ...) (مسلم)

ജുൻദുബ്ബ്നു അബ്ദില്ലാഹ്(ﷺ)വിൽ നിന്ന് നിവേദനം: പ്രവാചകൻ(ﷺ) പറയുന്നു: 'ആരെങ്കിലും സുബഹി നമ സ്ക്കരിച്ചാൽ അവൻ അല്ലാഹുവിന്റെ സംരക്ഷണത്തി ലാകുന്നു... ' (മുസ്ലിം)

## രാത്രി മുഴുവനും നമസ്കരിച്ച പ്രതിഫലം

ആരെക്കിലും ഇശാഅ് ജമാഅത്തായി നമസ്കരിക്കുക യാണെങ്കിൽ രാത്രിയുടെ പകുതി മുഴുവനും നിന്ന് നമസ്ക്ക രിക്കുന്നതിന് തുല്യവും, ആരെങ്കിലും സുബഹി ജമാഅ ത്തായി നമസ്കരിക്കുകയാണെങ്കിൽ അവൻ രാത്രി മുഴുവ നും നിന്ന് നമസ്കരിച്ച പ്രതിഫലം ലഭിക്കുന്നതാണ് എന്ന തിരുവചനം നമ്മെ പഠിപ്പിക്കുന്നത് കാണുക:

(عن عَبْدُ الرَّحْمَنِ بْنُ أَبِي عَمْرَةَ قَالَ: دَخَلَ عُثْمَانُ بْنُ عَفَّانَ الْمَسْجِدَ بَعْدَ صَلَاةِ الْمَغْرِبِ فَقَعَدَ وَحْدَهُ فَقَعَدْتُ إِلَيْهِ فَقَالَ يَا ابْنَ أَخِي سَمِعْتُ رَسُولَ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ يَقُولُ مَنْ صَلَّى الْعِشَاءَ فِي جَمَاعَةٍ فَكَأَنَّمَا قَامَ نِصْفَ اللَّيْلِ وَمَنْ صَلَّى الصُّبْحَ فِي جَمَاعَةٍ فَكَأَنَّمَا صَلَّى اللَّيْلَ كُلَّهُ ) (مسلم)

അബ്ദുർറഹ്മാനുബ്നു അബൂ അമ്യ(ﷺ) പറയുന്നു: 'ഉഥ്മാനു ബ്നു അഫ്ഫാൻ(റ) മഗ്രിബ് നമസ്കാരത്തിന് ശേഷം പള്ളിയിൽ പ്രവേശിക്കുകയും ഒരിടത്ത് ഒറ്റക്ക് ഇരിക്കുകയും ചെയ്തു, അങ്ങിനെ ഞാനദ്ദേഹത്തിന്റെ അടുത്തിരുന്നു, അപ്പോൾ എന്നോട് അദ്ദേഹം പറഞ്ഞു: 'എന്റെ സഹോ ദരന്റെ പുത്രാ, പ്രവാചകൻ(ﷺ) പറയുന്നതായി ഞാൻ കേൾ ക്കുകയുണ്ടായി: ആരെങ്കിലും ഇശാഅ് ജമാഅത്തായി നമ സ്ക്കരിച്ചാൽ അവൻ പകുതി രാത്രി മുഴുവനും നിന്ന്

നമസ്ക്കരിച്ച പോലെയാണ്, ആരെങ്കിലും സുബഹി ജമാഅത്തായി നമസ്ക്കരിച്ചാൽ അവൻ രാത്രി മുഴുവനും നമസ്കരിച്ച പോലെയാകുന്നു' (മുസ്ലിം)

**<u>മലക്കുകളുടെ പ്രാർത്ഥന ലഭിക്കും:</u>**

നമസ്ക്കാരം പ്രതീക്ഷിച്ച് കൊണ്ട് ആരെങ്കിലും പള്ളിയിൽ ഇരിക്കുകയാണെങ്കിൽ ആ സമയം മുഴുവനും അല്ലാഹുവിന്റെ കൽപനകൾ മാത്രം അനുസരിക്കുന്ന മാലാഖമാരുടെ പ്രാർത്ഥന അവർക്ക് ലഭിക്കുന്നതാണ്. റസൂലു ല്ലാഹ്(ﷺ)യുടെ വചനം ശ്രദ്ധിക്കൂ.

( عَنْ أَبِي هُرَيْرَةَ أَنَّ رَسُولَ اللهَّ صَلَّى اللهَّ عَلَيْهِ وَسَلَّمَ قَالَ: لاَ يَزَالُ الْعَبْدُ فِي صَلاَةٍ مَا كَانَ فِي مُصَلاَّهُ يَنْتَظِرُ الصَّلاَةَ وَتَقُولُ الْمَلاَئِكَةُ اللَّهُمَّ اغْفِرْ لَهُ اللَّهُمَّ ارْحَمْهُ حَتَّى يَنْصَرِفَ أَوْ يُحْدِثَ ) (مسلم)

അബൂഹുറൈറ(رضي الله عنه)വിൽ നിന്ന്: പ്രവാചകൻ(ﷺ) പറഞ്ഞു: 'ആരെങ്കിലും നമസ്കാരം പ്രതീക്ഷിരിക്കുകയാണെങ്കിൽ അവൻ നമസ്കാരത്തിൽ തന്നെയാണ്, അവന് വേണ്ടി മലക്കുകൾ "അല്ലാഹുവേ, അവന്ന് പൊറുത്ത് കൊടുക്കേണമേ, അല്ലാഹുവേ അവനോട് കാരുണ്യം കാണിക്കേണമേ" എന്ന് അവൻ അവിടെ നിന്ന് പിന്തിരിയുകയോ, അവന്റെ വുദു മുറിയുകയോ ചെയ്യുന്നത് വരെ പ്രാർത്ഥിച്ച് കൊണ്ടിരിക്കുന്നതാണ്' (മുസ്ലിം).

നാം മുകളിൽ വിവരിച്ച തെളിവിന്റെ അടിസ്ഥാനത്തിൽ പള്ളിയിലുള്ള ജമാഅത്തിൽ പങ്കെടുക്കൽ ഓരോ മുസ്ലിമിന്റെയും നിർബ്ബന്ധ ബാധ്യതയാണെന്ന് നാം മനസ്സിലാക്കിയല്ലോ? ഇനി ഈ അക്ഷരങ്ങൾ വായിക്കുന്ന ഓരോ മുസ്ലിമും ചിന്തിക്കുക, ഞാൻ എത്ര ജമാഅത്തിനാണ് പങ്കെടുക്കുന്നത്? എത്ര ജമാഅത്താണ് എനിക്ക് നഷ്ടപ്പെടുന്നത് എന്നും ചിന്തിക്കുക. എന്നിട്ട് പങ്കെടുക്കുവാൻ കഴിയാത്തതിനുള്ള കാരണം എന്താണ് എന്ന് മനസിലാക്കുകയും, ആ തടസ്സങ്ങൾ ഒഴിവാക്കി ഓരോ ദിവസവും അഞ്ച് നേരം പള്ളിയിൽ തന്നെ പോയി ജമാഅത്തിൽ പങ്കെടുക്കാൻ പരിശ്രമിക്കുക. അല്ലായെങ്കിൽ നമസ്കാരത്തെ തൊട്ട്

അശ്രദ്ധരായ നമസ്കാരക്കാർക്ക് പരലോകത്ത് നാശമായിരിക്കും. അല്ലാഹു നമ്മെ അതിൽ നിന്ന് കാത്ത് രക്ഷിക്കുമാറാവട്ടെ.
അല്ലാഹു പറയുന്നു:

( فَوَيْلٌ لِلْمُصَلِّينَ * الَّذِينَ هُمْ عَنْ صَلَاتِهِمْ سَاهُونَ ) (الماعون: 4-5)

'എന്നാൽ നമസ്കാരക്കാർക്കാകുന്നു നാശം.(വൈൽ എന്ന നരകം) തങ്ങളുടെ നമസ്കാരത്തെപ്പറ്റി ശ്രദ്ധയില്ലാത്തവരായവർക്ക്' (മാഊൻ:4-5)

ഇവിടെ നമസ്കാരത്തെ തൊട്ട് അശ്രദ്ധരായി നമസ്കരിക്കുന്നവർക്കാണ് നാശം, അതായത് അത് നിർവ്വഹിക്കേണ്ട രൂപത്തിൽ നിർവ്വഹിക്കാത്തവർക്കാണ് നാശം, അതിന്റെ സമയത്ത് ജമാഅത്തായി നമസ്കരിക്കേണ്ടതുണ്ട് എന്നാണ് ഈ ആയത്തും നമ്മെ പഠിപ്പിക്കുന്നത്. അല്ലായെങ്കിൽ അവന് നാശമായിരിക്കും. നരകത്തിൽ പ്രവേശിക്കുന്നവർക്ക് ശിക്ഷ ആസ്വദിക്കുവാനായി തൊലികൾ മാറ്റി മാറ്റി നൽകുന്നതാണ്. അല്ലാഹു പറയുന്നു:

(إِنَّ الَّذِينَ كَفَرُوا بِآيَاتِنَا سَوْفَ نُصْلِيهِمْ نَارًا كُلَّمَا نَضِجَتْ جُلُودُهُمْ بَدَّلْنَاهُمْ جُلُودًا غَيْرَهَا لِيَذُوقُوا الْعَذَابَ إِنَّ اللهَ كَانَ عَزِيزًا حَكِيمًا) (النساء: 56)

'തീർച്ചയായും നമ്മുടെ തെളിവുകൾ നിഷേധിച്ചവരെ നാം നരകത്തിലിട്ട് കരിക്കുന്നതാണ്. അവരുടെ തൊലികൾ വെന്തുപോകുമ്പോഴെല്ലാം അവർക്ക് നാം വേറെ തൊലികൾ മാറ്റികൊടുക്കുന്നതാണ്. അവർ ശിക്ഷ ആസ്വദിച്ചു കൊണ്ടിരിക്കാൻ വേണ്ടിയാണത്. തീർച്ചയായും അല്ലാഹു പ്രതാപവാനും യുക്തിമാനുമാകുന്നു.'
(നിസാഅ്:56)

അഞ്ച് നമസ്കാരങ്ങളും കൃത്യമായി പള്ളിയിൽ പോയി നമസ്കരിക്കുന്ന സത്യവിശ്വാസികളുടെ കൂട്ടത്തിൽ അല്ലാഹു നമ്മെ ഉൾപ്പെടുത്തുമാറാവട്ടെ, നരകത്തിൽ നിന്ന് രക്ഷിച്ച് സ്വർഗ്ഗത്തിൽ നമ്മെ പ്രവേശിക്കുമാറാവട്ടെ. ആമീൻ.

وصلى الله وسلم على خير خلقه نبينا محمد وآله وصحبه أجمعين

والحمد لله ربّ العالمين